രിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. മേൽപ്പറഞ്ഞ പദ്ധതികളുടെ വിശദാംശം യഥാക്രമം അനുബന്ധം 2,3 ആയി ചേർത്തിരിക്കുന്നു. †

മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ ഇപ്പോൾ ശുദ്ധജലം തീരെ ലഭ്യമല്ലാത്തതും വളരെ കുറച്ചു ശുദ്ധജലം മാത്രം ലഭ്യമായതുമായ പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിനുവേണ്ട ഒരു കർമ്മപരിപാടിയും 2000-മാണ്ടോടു കൂടി എല്ലാവർക്കും 'കുടിവെള്ളം' എന്ന പരിപാടിയിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ചിട്ടുണ്ട്. അതുപ്രകാരം ഗ്രാമങ്ങളിലെ 2144 വാർഡുകളിലും, സെൻസസ് ടൗണുകളിലും 50 വാർഡുകളിലും ശുദ്ധജലം എത്തിക്കേണ്ട ചുമതല കേരള ജല അതോറിറ്റിയിൽ നിക്ഷിപ്തമാണ്.

ഈ വർഷം ഇതിനായി 15 കോടി രൂപ കേരള വാട്ടർ അതോറിറ്റിക്കനുവദിച്ചിട്ടുണ്ട്.

(സി) ഉദിക്കുന്നില്ല.

17 (*470) മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിട സൗകര്യം

ശ്രീ. കെ.എ. ചന്ദ്രൻ :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവയിൽ ഭൂരിഭാഗവും സ്വന്തമായി പാർപ്പിടമില്ലാത്തവരോ ഉള്ളവ തീരെ മോശമായതോ ആണെന്നറിയാമോ;

(സി) മത്സ്യത്തൊഴിലാളികളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനായി സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) മത്സ്യത്തൊഴിലാളികളുടെ പാർപ്പിട പ്രശ്നത്തെക്കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; ഈ പഠനത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ മേശപ്പുറത്തുവയ്ക്കുമോ;

(ഇ) എല്ലാ മത്സ്യത്തൊഴിലാളികൾക്കും പാർപ്പിട സൗകര്യം ഏർപ്പെടുത്തുന്നതിന് ഒരു സമയബന്ധിത പദ്ധതി ആവിഷ്കരിക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) അറിയാം.

(സി) ഉണ്ട്.

(ഡി) മത്സ്യത്തൊഴിലാളികളുടെ പാർപ്പിട പ്രശ്നമുൾപ്പെടെയുള്ള പ്രശ്നങ്ങളെ കുറിച്ച് പഠനം നടത്തി സ്ഥിതി വിവര കണക്കുകൾ ശേഖരിച്ചു വരുന്നതേയുള്ളൂ.

(ഇ) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് എല്ലാ മത്സ്യത്തൊഴിലാളികൾക്കും എത്രയുംവേഗം ഭവനങ്ങൾ ലഭ്യമാക്കണമെന്നതാണ് സർക്കാരിന്റെ സമീപനം.

LIBRARY ARCHIVES Kerala Legislative Assembly